(ഡി) കള്ളുഷാപ്പ് ലേലത്തിൽ ഇപ്പോൾ നിലവിലിരിക്കുന്ന നയം മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. ലേലം വിളിക്കുന്നവർ ഷാപ്പുകളിൽ വിൽപ്പനയ്ക്കുള്ള കള്ള് അവരുടെ റേഞ്ചിൽ ലഭ്യമല്ലാതെവരുന്ന സാഹചര്യത്തിൽ ആയത് മറ്റ് ജില്ലകളിൽനിന്നും കൊണ്ടുവന്നു വിൽക്കുവാനുള്ള നിയമം നിലവിലുണ്ട്.

വന്യമൃഗങ്ങളെ സംബന്ധിച്ചുള്ള സെൻസസ്

30 (*390) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളെ സംബന്ധിച്ചുള്ള സെൻസസ് അവസാനമായി എടുത്തത് എന്നാണ്;

(ബി) ഇതനുസരിച്ച് കേരളത്തിൽ ഓരോ ഇനത്തിലും എത്ര മൃഗങ്ങൾ വീതമുണ്ട്;

(സി) വന്യമൃഗങ്ങളെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെ വനം മാഫിയ തടസ്സപ്പെടുത്തുന്നുണ്ടോ;

(ഡി) കടുവകളേയും ആനകളേയും വേട്ടയാടുന്നവരെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ റെയിഞ്ചിലും എത്ര കേസ്സുകൾ വീതം ആരുടെയെല്ലാം പേരിൽ ഈ സർക്കാർ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) 1997-ൽ

(ബി) 1997-ലെ സെൻസസ് പ്രകാരം വന്യമൃഗങ്ങളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരം കണക്കാക്കിയിട്ടുണ്ട്.

ആന	5737
കാട്ടുപോത്ത്	4151
കരിങ്കുരങ്ങ്	24809
മ്ലാവ്	13661
പുള്ളിമാൻ	14682
കാട്ടുപന്നി	40425
കടുവ	73

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. വനം വന്യജീവി സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നു.

2. ജീവനക്കാരുടെ നിരന്തരമായുള്ള ഫീൽഡ് പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. അവരുടെ സുരക്ഷിതത്വത്തിനായി വാഹനം, വയർലെസ് സെറ്റുകൾ, ആയുധങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

3. സംസ്ഥാനത്ത് വനപ്രദേശങ്ങളിൽ ആകെ 88 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് സുഗമമായ ഫീൽഡ് പരിശോധന ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനുപുറമേ 8 ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്കാഡ് യൂണിറ്റുകളും

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് പരിശോധന സംപ്രദായം ശക്തിപ്പെടുത്തിയിട്ടുണ്ട്. പരിശോധനാ സംപ്രദായം ഏകോപിപ്പിക്കുവാൻ സംസ്ഥാനത്തെ വിജിലൻസ് വിഭാഗത്തിന് കോഴിക്കോടും കോട്ടയവും കേന്ദീകരിച്ച് വിജിലൻസ് മേഖലാ സർക്കിളുകൾ പ്രവർത്തിച്ചുവരുന്നു.

4. സംസ്ഥാന അതിർത്തി പ്രദേശങ്ങളിലെ സംരക്ഷണ സംവിധാനം ഏകോപിപ്പിക്കുവാൻ റെയിഞ്ച് തലത്തിലും ഡിവിഷൻ തലത്തിലും സർക്കിൾ തലത്തിലും ഉദ്യോഗസ്ഥൻമാർ പരസ്പരം കൂടിയാലോചന നടത്തി വിലപ്പെട്ട വിവരങ്ങൾ കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തുകയും ചെയ്യുന്നു.

5. മൃഗവേട്ട തടയുന്നതിന് പ്രശ്ന പ്രദേശങ്ങളിൽ ആന്റി ഹേച്ചിംഗ് ക്യാംപുകൾ പ്രവർത്തിക്കുന്നുണ്ട്.

6. പൊതുജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനുവേണ്ടി പ്രകൃത പഠന ക്യാമ്പുകളും വിജ്ഞാന വ്യാപന ക്യാമ്പുകളും നടത്തുന്നുണ്ട്.

(ഇ) കടുവകളെ വേട്ടയാടിയതായി ഈ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. കാട്ടാനകളെ വേട്ടയാടിയ കേസ്സുകളുടെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

ഡിവിഷൻ/റെയിഞ്ച്	എണ്ണം	തീയതി	പ്രതികളുടെ പേര്
കുറിച്ചിയാട്	1	ഒ.ആർ. 8/96/ 14.8.96	1. ഷാജി, സൺ ഓഫ് രാഘവൻ, പുതുശ്ശേരി വീട്, ചിറാൽ വില്ലേജ് 2. കെ.വി. ഭാസ്കരൻ, സൺ ഓഫ് വെളിയനിൽപ്പുഴ വില്ലേജ്. 3. അബൂബക്കർ, വാഴേരി പി.ഒ., കൃഷ്ണഗിരി വില്ലേജ് 4. തങ്കപ്പൻ, സൺ ഓഫ് ഗോവിന്ദൻ, മുടക്കൊല്ലി പി.ഒ. 5. കെ. ഹംസ, ആണ്ടൂർപ്പാടി വില്ലേജ്, മാതവനാട്, മലപ്പുറം 6. മോഹനൻ, സൺ ഓഫ് ഉണ്ണേരി, മാവുള്ള കണ്ടിയിൽവീട്, മഞ്ചേരി 7. ജനയിസ് സേട്ട്, സൺ ഓഫ് ആല മുഹമ്മദ്, തോപ്പുംപടി വില്ലേജ്, മട്ടാഞ്ചേരി പി.ഒ
കുളത്തുപ്പുഴ റെയിഞ്ച്	1	ഒ.ആർ.25/96/ 22.10.96	ചരിഞ്ഞ ആനയുടെ അവശിഷ്ടങ്ങൾ കത്തിച്ചു കളഞ്ഞതിനാൽ മരണകാരണവും ലിംഗ നിർണ്ണയവും നടത്തുവാൻ സാധിച്ചിട്ടില്ല. ഈ കേസ്സിൽ അന്വേഷണം പൂർത്തിയാക്കി കേസ് ചാർജ്ജ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

1. പത്തനാപുരം താലൂക്കിൽ

LIBRARY ARCHIVES Kerala Legislative Assembly

			ആര്യങ്കാവ് വില്ലേജിൽ ഇടപ്പാളയം 39-ാം നമ്പർ ലക്ഷംവീട് കോളനിയിൽ താമസം പരമേശ്വരൻ മകൻ മുരളിയുടെ അമ്മയുടെ സഹോദരി പുത്രനായ കൃഷ്ണൻകുട്ടി.
			2. പത്തനാപുരം താലൂക്കിൽ കുളത്തുപ്പുഴ വില്ലേജിൽ ആമക്കുളത്ത് താമസം ശാമുവേൽ (മേൽപടി രണ്ട് പ്രതികളുടെ പൂർണ്ണമായ വിലാസം അന്വേഷണം)
സുൽത്താൻ ബത്തേരി	1	ഒ.ആർ. 2/97 14.3.97	മാത്യു, സൺ ഓഫ് തോമസ്, തെക്കേമല, പെരുവന്താനം, ഹീരുമേട്. ഇടുക്കി ജില്ല.
മുത്തങ്ങ	2	ഒ.ആർ. 6/97 14.3.97	1. മാത്യു, സൺ ഓഫ് തോമസ്, തെക്കേമല, പെരുവന്താനം, ഹീരുമേട്
			2. അബുബക്കർ, സൺ ഓഫ് മമ്മു, എരപ്പളിയിൽ കുപ്പാട്ടി വില്ലേജ്, ബത്തേരി
മണ്ണാർക്കാട് റെയിഞ്ച് പാലമയം ഫോറസ്റ്റ് സ്റ്റേഷൻ	1	ഒആർ 3/97 27497	പടക്കം പൊട്ടി പരിക്കേറ്റ ചികിത്സ നൽകിയെങ്കിലും രക്ഷപ്പെട്ടില്ല പ്രതികൾ ആരാണെന്ന് അറിയാത്തതിനാൽ കേസ്സ് ഡ്രോപ്പ് ചെയ്തു കൊണ്ടുകൾ കിട്ടി
തേക്കടി	1	ഒ.ആർ. 9/96/ 25.4.98	1. കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി നോർത്ത് വില്ലേജിൽ കുൽപ്പൻ മകൻ കെ.കെ. ഷാജിമോൻ
			2. പൗലോസ്, സൺ ഓഫ് ദേവസി, പൊന്നമ്പിളി ഭാഗം, മുകുന്ദപുരം
			3. ആന്റണി, സൺ ഓഫ് ദേവസി, പൊന്നമ്പിളി ഭാഗം, മുകുന്ദപുരം
			4. മോളി വർഗ്ഗീസ്, സൺ ഓഫ് വർഗ്ഗീസ്, കോതമംഗലം മുനിസിപ്പാലിറ്റി, പത്താം വാർഡ്
			5. അലിമുത്ത്, സൺ ഓഫ് മക്കാർ, പല്ലാരിമംഗലം വലിയവീട്, കോതമംഗലം
അട്ടപ്പാടി റെയിഞ്ച്, പുത്തൂർ ഫോറസ്റ്റ്	1	ഒ.ആർ. 1/98	1. പഴനിസ്വാമി ഗൗണ്ടർ മകൻ ശ്രീറാം ഗൗണ്ടർ, മുല്ലത്തറ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷൻ		24.8.98	ശ്രീറാം ഗൗണ്ടർ, മുല്ലത്തറ 2. പഴനിസ്വാമി മുസലിയാർ മകൻ ചെങ്കോടൻ മുതലിയാർ, മുക്കലത്തറ കേസു ചാർജ്ജു ചെയ്തു.
മുത്തങ്ങ	2	ഒ.ആർ. 2000/ 21.12.2000	1. പുതുശ്ശേരി മോഹനൻ, സൺ ഓഫ് രാഘവൻ കുപ്പാടി 2. ഭാസ്കരൻ, കുപ്പാൻകുന്ന്, നീർപ്പുഴ വില്ലേജ് 3. മനോജ് കുമാർ, സൺ ഓഫ് എബ്രഹാം, കുപ്പാടി വില്ലേജ് 4. റഷീദ്, സൺ ഓഫ് മൂസ പത്തന്നൂർ, മലപ്പുറം 5. ബാലൻ, സൺ ഓഫ് ഭരതൻ, നീർപ്പുഴ വില്ലേജ്
ശൂത്രിക്കൽ	1	ഒ.ആർ. 2/99 21.02.2000	സുകുമാരൻ, പസാലിൽ, എരിമുള്ളു പ്ലാക്കൽ, കോന്നി

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നികുതി വിഹിതം സംബന്ധിച്ച് പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ

1 (1824) ശ്രീ. എം.എ. തോമസ് :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം സംബന്ധിച്ച് 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ ഭേദഗതി ചെയ്യുവാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നതായുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഭേദഗതികൾ സംസ്ഥാനത്തിന് ഗുണകരമാക്കി മാറ്റാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട കേന്ദ്ര നികുതികളായ ആദായ നികുതി, എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ എന്നിവ ഇനി പറയുന്ന രീതിയിൽ പങ്കുവ

LIBRARY ARCHIVES Kerala Legislative Assembly